**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.950** 28/04/2017 -ൽ മറുപടിയ്ക്ക്

**ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ. ശശി : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്ക് ചോദ്യങ്ങൾ തയ്യാറാക്കുവാൻ നിയോഗിച്ചിരുന്നത് ഏതു വിഭാഗം അദ്ധ്യാപകരെയായിരുന്നുവെന്നും 2016-17 അദ്ധ്യായന വർഷത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി നിയോഗിച്ചത് ഏതു വിഭാഗം അദ്ധ്യാപകരെയായിരുന്നുവെന്നും വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് എസ് എസ് എൽ സി പരീക്ഷയുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നിയോഗിച്ചിരുന്നത് അതാത് വിഷയങ്ങൾക്ക് എസ് സി ഇ ആർ റ്റി നൽകുന്ന പാനലിൽ നിന്നുള്ള അദ്ധ്യാപകരെയാണ്. 2016-2017 അദ്ധ്യയന വർഷത്തിലും എസ് എസ് എൽ സി പരീക്ഷയ്ക്ക് എസ് സി ഇ ആർ റ്റി തയ്യാറാക്കി നൽകിയ പാനലിൽ നിന്നുള്ള അദ്ധ്യാപകരെയാണ് ചോദ്യം തയ്യാറാക്കുന്നതിനായി നിയോഗിച്ചിരുന്നത്. ഇതിൽ കോളേജ് അദ്ധ്യാപകരും ഹയർ സെക്കണ്ടറി അദ്ധ്യാപകരും ഉൾപ്പെട്ടിട്ടുണ്ട്.<br>1991 ൽ ഹയർ സെക്കണ്ടറി രൂപീകരിച്ചതു മുതൽ ഒന്നും രണ്ടും വർഷ പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നത് കോളേജ്/ സർവ്വകലാശാല അദ്ധ്യാപകരാണ്. 2011 മുതൽ ഒന്നാം വർഷ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ഹയർ സെക്കണ്ടറി അദ്ധ്യാപകരാണ്. 2016-17 വർഷവും അതേ രീതി തന്നെയാണ് പിന്തുടർന്നിട്ടുള്ളത്. |
| (ബി) 2016-17 അദ്ധ്യായന വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു. പരീക്ഷാ ചോദ്യപേപ്പറുകളിൽ പലതിലും സിലബസ്സിനു പുറത്തുള്ളതും, ചോദ്യകർത്താക്കളുടെ പാണ്ഡിത്യം വിലയിരുത്തുന്നതുമായ ചോദ്യങ്ങൾ | (ബി) 2017 ലെ എസ് എസ് എൽ സി പരീക്ഷയിൽ 20.03.2017 ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പർ കഠിനമായിരുന്നുവെന്ന് പൊതുവെ പരാതിയുണ്ടായിരുന്നു.<br>രണ്ടാം വർഷ ഹയർ സെക്കണ്ടറി |

ഉണ്ടായിരുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

കണക്ക് പരീക്ഷയിൽ 5 മാർക്കിന്റെയും, ജേർണലിസം പരീക്ഷയിൽ 17 മാർക്കിന്റെയും ചോദ്യങ്ങൾ പാഠഭാഗത്തു നിന്നും പുറത്തുള്ളതായിരുന്നു. ഇതിനു പുറമേ രണ്ടാം വർഷ ഇക്കണോമിക്സ് പരീക്ഷയിൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളുടെ അനുപാതം മുൻകൂട്ടി നിശ്ചയിച്ചതിനേക്കാൾ അധികമായിരുന്നു.

(സി) പ്രസ്തുത പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികൾക്ക ജയിക്കുവാനും ഗ്രേഡുകൾ നഷ്ടപെടാതിരിക്കാനുമായി എന്തു പരിഹാരനടപടിയാണ് ചെയ്യുവാനുദ്ദേശിക്കുന്നതെന്നും , മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(സി) 20.03.2017 ൽ നടന്ന എസ് എസ് എൽ സി ഗണിതശാസ്ത്രം പരീക്ഷ പൊതുവെ കഠിനമായിരുന്നതിനാലും ചോദ്യപേപ്പറിനെ കുറിച്ച് വിവാദം ഉണ്ടായതിനാലും പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് 30.03.2017 ന് പുന:പരീക്ഷ നടത്തിയിട്ടുണ്ട്.

ഹയർ സെക്കണ്ടറിയിൽ മൂല്യനിർണ്ണയ ക്യാമ്പുകൾക്ക മുന്നോടിയായി സംഘടിപ്പിക്കുന്ന സ്കീം ഫൈനലൈസേഷൻ ക്യാമ്പിൽ വച്ച് വിദഗ്ധരായ അദ്ധ്യാപകർ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. സംസ്ഥാനതലത്തിൽ നടക്കുന്ന ഇത്തരം ക്യാമ്പുകളിൽ ഏതാനും ഉത്തരക്കടലാസുകൾ പരിശോധിച്ച ശേഷമാണ് മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്. പരിശോധനയിൽ കുട്ടികൾ പ്രയാസം നേരിടുന്നുവെന്നു ബോധ്യപ്പെടുന്ന അവസരത്തിൽ അത്തരം ചോദ്യങ്ങളുടെ ഉത്തരങ്ങൾ വിലയിരുത്തുമ്പോൾ ഉദാര സമീപനം വേണമെന്ന് നിർദ്ദേശം നൽകുന്നു. ഈ സ്കീം DHSE പോർട്ടലിൽ പൊതുജനങ്ങൾക്കും ലഭ്യമാണ്. ഇതിനു പുറമേ ആവശ്യമുണ്ടെന്നു ബോധ്യപ്പെടുന്ന അവസരങ്ങളിൽ മോഡറേഷൻ നൽകാൻ പരീക്ഷാ ബോർഡിനും സാധിക്കുന്നതാണ്. പരീക്ഷയ്ക്ക് പൊതുവിലും, ചില വിഷയങ്ങൾക്ക് പ്രത്യേകമായും മോഡറേഷൻ നൽ

കുന്ന രീതിയും പരീക്ഷാ ബോർഡുകൾക്ക് കൈക്കൊള്ളാവുന്നതാണ്.

വരും കാലങ്ങളിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് താഴെ പ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

1. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലെ മേൽനോട്ട/സൂക്ഷ്മ പരിശോധന സംവിധാനങ്ങൾ കാര്യക്ഷമമാക്കുക
2. വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുക
3. ചോദ്യ ബാങ്ക് സംവിധാനത്തിന്റെ സാധ്യത ആരായുക

സെക്ഷൻ ഓഫീസർ